# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദുമ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 8/749/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 08/11/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദുമ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 8/749/2023 തീയ്യതി: 08/11/2023

## കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ

തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

രഘുനാഥൻ.കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

എം.ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ബിന്ദു.വി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലക്ഷ്മി .പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| നാരായണൻ.കെ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| അനിൽ കുമാർ.എൻ.എം | സെക്രട്ടറി | 01-06-2022 | 02-07-2022 |
| വിനോദ് കുമാർ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-07-2022 | 18-07-2022 |
| അനിൽകുമാർ.എൻ.എം | സെക്രട്ടറി | 19-07-2022 | 30-07-2022 |
| വിനോദ് കുമാർ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-07-2022 | 27-10-2022 |
| റെജിമോൻ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-10-2022 | 08-11-2022 |
| ദേവദാസ്.പി | സെക്രട്ടറി | 09-11-2022 | 09-11-2022 |
| റെജിമോൻ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-11-2022 | 14-11-2022 |
| ദേവദാസ്.പി | സെക്രട്ടറി | 15-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കുമാർ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 27-10-2022 |
| റെജിമോൻ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 28-10-2022 | 31-03-2023 |
| രമ്യ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2022 | 30-09-2022 |
| ഉമേഷ്.കെ.വി | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-10-2022 | 31-03-2023 |
| നാണക്കുട്ടൻ.കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| അറഫ.ഇ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| പ്രവീൺകുമാർ.കെ.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.വസന്തകുമാർ.കെ | വെറ്റിനറി സർജ്ജൻ | 01-04-2022 | 10-01-2023 |
| ഡോ.ചന്ദ്ര ബാബു | വെറ്റിനറി സർജ്ജൻ | 11-01-2023 | 31-03-2023 |
| ശോഭ.കെ | പ്രധാനധ്യാപിക | 01-04-2022 | 02-07-2022 |
| രാജീവൻ.കെ | പ്രധാനധ്യാപകൻ | 03-07-2022 | 31-03-2023 |
| ഡോ.മുഹമ്മദ് .എം | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ.ജയ.ജി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.ശ്രീജ.പി.പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 11-02-2023 |
| ഡോ.നിനീഷ | മെഡിക്കൽ ഓഫീസർ ഹോമിയോ | 12-02-2023 | 31-03-2023 |

| | | | |
|---|---|---|---|
| വേലായുധൻ നിർമ്മലൻ | | | |
| രജിമ.പി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| പ്രമീള.ഒ.വി | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എയിംസ് മുഖേന സമർപ്പിച്ച വാർഷിക ധനകാര്യപത്രിക യിലെ -ബാധ്യത കണക്കും - ILGMS നിലവിലുള്ള കണക്കുകളും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-1 |
| 3 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല. | 1-1-2 |
| 4 | ലൈഫ് ഭവന പദ്ധതി വായ്പ്പാ കണക്കിൽ കൃത്യതയില്ല. | 1-1-3 |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റ് കണക്ക് - ബാധ്യത തുകയും , ബാങ്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | റീകൺസിലേഷൻ പത്രികകൾ | 1-1-5 |
| 7 | സ്ഥിര നിക്ഷേപം - പലിശ ഉൾപ്പെടുത്തിയതിൽ കുറവ് | 1-1-6 |
| 8 | നികുതി ഇനങ്ങളുടെ അക്രൂവൽ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല. | 1-1-7 |
| 9 | ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബാലൻസ് ഷീറ്റ്- ബാധ്യതകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ | 1-1-9 |
| 11 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് കൈമാറിയ തുക ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-11 |
| 13 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം -വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-12 |
| 14 | ക്ഷേമ പെൻഷൻ ഡി.ബി.റ്റി സ്റ്റേറ്റ്മെന്റിലെ വിവരങ്ങളും , വാർഷിക കണക്കിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | പാർട്ട് ബിൽ തുകകൾ Capital Work In Progress ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം. | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 22 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 24 | തെരുവ് വിളക്ക് ലൈനുകളുടെ നവീകരണം പദ്ധതി | 1-10 |
| 25 | തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി | 1-11 |
| 26 | ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചത് - അപാകത | 1-12 |
| 27 | സെക്രട്ടറിക്ക് യാത്രാബത്ത അനുവദിച്ചത് - അപാകത | 1-13 |
| 28 | പാലക്കുന്ന് -ആറാട്ട്കടവ് റോഡ് പ്രവൃത്തിക്ക് വൈദ്യുതി പോസ്റ്റ് മാറ്റലിന് ഡെപ്പോസിറ്റ് ചെയ്യൽ പദ്ധതി | 1-14 |
| 29 | കുണ്ടോളംപാറ-മുക്കന്നോത്ത് -വെടിക്കുന്ന് റോഡ് ഡ്രെയിനേജ് നിർമ്മാണം-തടസ്സം നിൽക്കുന്ന വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നത്-അപാകത | 1-15 |
| 30 | പാലക്കുന്ന് ആറാട്ട് കടവ് റോഡ് ഡ്രെയിനേജ് നിർമ്മാണം-തടസ്സം നിൽക്കുന്ന വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നത്-അപാകത | 1-16 |
| 31 | കരിപ്പോടി അംഗൻവാടി കെട്ടിടത്തിലെ വാതിലുകൾ മാറ്റി സ്ഥാപിച്ചത്-അപാകത | 1-17 |
| 32 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകത | 1-18 |
| 33 | മുൻകൂർ തുക നൽകിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 34 | ക്ഷയരോഗികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം - ഗുണഭോക്തൃപ്പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. | 1-20 |
| 35 | കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് -സാമൂഹ്യ സുരക്ഷാ മിഷന് അനുവദിച്ച തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല. | 1-21 |
| 36 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫർണിച്ചർ വിതരണം ചെയ്യുന്നതിനും ഓഫീസിനകം അലുമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തി ചെയ്യുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. | 1-22 |
| 37 | ജി.എഫ്.യു.പി.സ്കൂൾ കോട്ടിക്കുളത്തിന് വാടക-രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 38 | തിരുവക്കോളി സ്കൂളിന് ഡൈനിംഗ് ഹാൾ നിർമ്മാണം - ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. | 1-24 |
| 39 | തനതു വരുമാനം-അവലോകനം | 1-25 |
| 40 | തൊഴിൽ നികുതി - അപാകതകൾ | 1-26 |
| 41 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-27 |
| 42 | ലൈഫ് ഭവന പദ്ധതി വായ്പാ കണക്കിൽ കൃത്യതയില്ല. | 1-28 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 , സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 19/07/2023 ലെ 2/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 22/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉദുമ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൽഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയുള്ള അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി , ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

08.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 എയിംസ് മുഖേന സമർപ്പിച്ച വാർഷിക ധനകാര്യപത്രിക യിലെ -ബാധ്യത കണക്കും -

ILGMS നിലവിലുള്ള കണക്കുകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രികയും നിലവിൽ ILGMSൽ ലഭ്യമായ വാർഷിക ധനകാര്യ പത്രികയിലെയും ബാലൻസ് ഷീറ്റിലെ ബാധ്യതയിലെ വിവിധ ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ വ്യത്യാസം കാണുകയുണ്ടായി. കൂടാതെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലും വ്യത്യാസം കാണുകയുണ്ടായി . വിശദാംശം ചുവടെ ചേർക്കുന്നു.

എ) ബാലൻസ് ഷീറ്റ്

| ഹെഡ്ഡ് | ഇനം | ഷെഡ്യൂൾ നം | ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം തുക | ILGMS -ൽ നിലവിലുള്ള വാർഷിക കണക്ക് പ്രകാരം -തുക |
|---|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 122921454.10 | 91248490.10 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust Or Agency Fund | B-2 | 0.0 | 0.00 |
| 312000000 | Reserves | B-3 | 67671753.00 | 67671753.00 |
| 320000000 | Grants, Funds & Contribution For Specific Purposes | B-4 | 10153655.00 | 23719637.00 |
| 330000000 | Secured Loans | B-5 | -2682645.00 | 12070713.00 |
| 331000000 | Unsecured Loans | B-6 | 0.0 | 0.00 |
| 340000000 | Deposits Received | B-7 | 68187.00 | 618635.00 |
| 341000000 | Deposits Works | B-8 | 0.0 | 0.00 |
| 350000000 | Other Liabilities | B-9 | 880006.00 | 3683182.00 |
| 360000000 | Provisions | B-10 | 0.0 | 0.00 |
| | TOTAL LIABILITIES | | 199012410.10 | 199012410.10 |

ബി) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

| | ഇനം | ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം തുക | ILGMS -ൽ നിലവിലുള്ള വാർഷിക കണക്ക് പ്രകാരം -തുക |
|---|---|---|---|
| A | NET CASH GENERATED/(USED UP) BY OPERATING ACTIVITIES | -55591810.00 | 3707285.00 |
| B | NET CASH GENERATED/(USED UP) BY INVESTING ACTIVITIES | 191052930.10 | 11375791.00 |
| C | NET CASH GENERATED/(USED UP) BY FINANCING ACTIVITIES | 8761425.00 | 2357171.00 |
| | GRANT TOTAL ( A+B+C) | 144222545.10 | 17440247.00 |
| | TOTAL CASH AND CASH EQUIVALENTS AT BEGINING OF PERIOD | 57369717.00 | 57369717.00 |
| | TOTAL CASH AND CASH EQUIVALENTS AT END OF PERIOD | 71579673.00 | 71579673.00 |
| | Net Increase /(Decrease) In Cash And Cash Equivalents | 14209956.00 | 14209956.00 |

ഇക്കാര്യം ഓഡിറ്റ് എൻക്വയറി 2/25.09.2023 പ്രകാരം ഗ്രാമ പഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ , സോഫ്റ്റ് വെയർ തകരാറ് മൂലം ഉണ്ടായ അപാകത IKMമായി ബന്ധപ്പെട്ട് പരിഹരിച്ച ശേഷമാണ് ഇ- സബ്മിഷൻ ചെയ്തതെന്നും , എന്നാൽ പിന്നീടും അപാകത തുടർന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ IKMമായി അറിയിച്ച് പരിഹരിക്കുകയായിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് പുതുക്കിയ ധനകാര്യ പത്രിക (നിലവിൽ ILGMS-ൽ ഉള്ളത്) ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

AIMS സോഫ്റ്റ് വെയറിൽ ഇ-സബ്മിഷൻ ചെയ്ത വാർഷിക ധനകാര്യ പത്രികയിൽ അപാകത ശ്രദ്ധയിൽപ്പെട്ടിരുന്നതിനാൽ ഓഡിറ്റ് വകുപ്പിനെ രേഖാമൂലം അറിയിച്ച് അക്കൗണ്ട് തിരികെ വാങ്ങി പുന:സ്സമർപ്പിക്കേണ്ടതായിരുന്നു. ഇത്തരത്തിൽ അനുമതി നേടാതെ ഭേദഗതി വരുത്താനുണ്ടായ സാഹചര്യം സംബന്ധിച്ച് ഐ.കെ.എം ന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള വിശദീകരണം ലഭ്യമാക്കി, ഇക്കാര്യം ഭരണസമിതിയെ ധരിപ്പിച്ച് ഭരണസമിതി അംഗീകാരത്തോടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-2 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല.

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (3) പ്രകാരം സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-3 ലൈഫ് ഭവന പദ്ധതി വായ്പാ കണക്കിൽ കൃത്യതയില്ല.

എ) ലൈഫ് ഭവന പദ്ധതി വായ്പ , സംസ്ഥാന വിഹിതം എന്നിവയുടെ കൃത്യമായ വരവ് ചെലവ് കണക്ക് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം ലൈഫ് ഭവന പദ്ധതി വായ്പാ തുക നിക്ഷേപിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ (നം.40923939385 SBI ) 9,40,000/- രൂപ വരവ് വന്നിട്ടുണ്ട്. പലിശയിനത്തിൽ 11,857/-രൂപ ഉൾപ്പടെ 31.03.2023 ൽ 9,51,857/- രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിലെ വരവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ബി) നിലവിൽ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന വായ്പാ രജിസ്റ്റർ പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പാ തുക ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും 31.03.2023 ലെ വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വായ്പ വരവ് | ആകെ | വായ്പാ തിരിച്ചടവ് | അവശേഷിക്കുന്ന വായ്പാ തുക |
|---|---|---|---|---|
| 16758439 | 940000 | 17698439 | 2802645 | 14895794 |

നിലവിൽ ILGMS ൽ ലഭ്യമായ AFS കണക്ക് പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പാ തുക ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വായ്പ വരവ് | ആകെ | വായ്പാ തിരിച്ചടവ് | അവശേഷിക്കുന്ന വായ്പാ തുക |
|---|---|---|---|---|
| 14753358 | 120000 | 14873358 | 2802645 | 12070713 |

തൻവർഷം വായ്പാ വരവ് കൃത്യമായി കണക്കിലെടുക്കാൻ അധികൃതർക്ക് സാധിച്ചിട്ടില്ലാത്തതിനാലും വായ്പാ രജിസ്റ്ററിലെ കണക്കിൽ പൊരുത്തക്കേട് ഉള്ളതിനാലും തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയായി ബാലൻസ് ഷീറ്റിൽ ബി5 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 12070713/- രൂപയുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

സി) വാർഷിക ധനകാര്യ പത്രികയിൽ ബി5 ഷെഡ്യൂളിൽ 12070713/- രൂപയാണ്

ഉൾപ്പെട്ടിട്ടുള്ളതെങ്കിലും B16 ഷെഡ്യൂളിൽ 13150713/- രൂപയാണ് ഉൾപ്പെട്ടിട്ടുള്ളത്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച വിശദമായ പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക. 1-28 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

1-1-4 ധനകാര്യകമ്മീഷൻ ഗ്രാന്റ് കണക്ക് - ബാധ്യത തുകയും , ബാങ്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ നിലവിൽ ILGMS ൽ ലഭ്യമായ വാർഷിക കണക്കിലെ ബാങ്ക് ബാലൻസും, ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകയും തമ്മിൽ പൊരുത്തപ്പെടാത്തതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

എ) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് വിവരം

| ഇനം | വരവ് | ചെലവ് | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് - ട്രഷറി | 383955 | 159635 | 159635 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് - ബാങ്ക് | 6018000 | 6327134 | 6327134 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ട്രഷറി | 2103269 | 969752 | 969752 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ബാങ്ക് | 9027000 | 3309671 | 3309671 |
| ആകെ | 17532224 | 10766192 | 10766192 |

ബി) രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് ചെലവ് കണക്ക് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് & ബേസിക് )

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 7131023 | 15409588 | 22540611 | 9689154 | 12851457 |

സി) ലെഡ്ജർ ട്രയൽ ബാലൻസ്

| ഇനം | മുന്നിരിപ്പ് (Cr) | വരവ് (Cr) | ആകെ | ചെലവ് (Dr) | നീക്കിയിരിപ്പ് (Cr) |
|---|---|---|---|---|---|
| CFC Basic 320200104 | 223685 | 6382588 | 6606273 | 6327134 | 279139 |
| CFC Performance 320200105 | - | 3309671 | - | 3309671 | - |
| CFC Tied 320200113 | 5541526 | 9027000 | 14568526 | 3585971 | 10982555 |
| | | | | ആകെ | 11261694/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഇനത്തിൽ എ.സി.ആർ പ്രകാരം ചെലവ് 3309671 രൂപയാണ്. ഈ തുക ഹെഡ് 320200105 ൽ ഡെബിറ്റിലും ക്രഡിറ്റിലും ചേർത്തിട്ടുണ്ട്. കൂടാതെ ഈയിനത്തിൽ ചെലവായി 3585971 രൂപ ഹെഡ് 320200113 ലും ഉൾപ്പെട്ടിട്ടുണ്ട്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

ധനകാര്യ കമ്മീഷൻ ബാധ്യത തുക ആകെ 11261694/- രൂപയാണ്. എന്നാൽ രസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള ബാങ്ക് ബാലൻസ് തുക 12851457/-രൂപയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസത്തിനുള്ള

കാരണം വിശദമാക്കിയിട്ടുണ്ടെങ്കിലും ആയതുപ്രകാരം പഞ്ചായത്ത് കണക്കിൽ ക്രമീകരണം വരുത്തി മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി ഇനത്തിലെ നികുതി ഇനത്തിൽ 27165/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുള്ളതായി അധികൃതർ അറിയിച്ചിരുന്നുവെങ്കിലും വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-5 റീകൺസിലേഷൻ പത്രികകൾ

ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകളുടെ വർഷാന്ത്യ റീകൺസിലേഷൻ പത്രികകൾ പ്രകാരമുള്ള തുകകൾ തുടർ സാമ്പത്തിക വർഷം ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ട് നം | Cheque Deposited But Not Cleared | Directly Debited By Bank | Directly Credited By Bank | Cheque Issued But Not Presented Into Bank |
|---|---|---|---|---|
| 37293479957 SBI | 8352 | 74486 | - | 27034/- |
| Co-Op Bank Uduma | 206472 | - | - | 718279/- |

### 1-1-6 സ്ഥിര നിക്ഷേപം - പലിശ ഉൾപ്പെടുത്തിയതിൽ കുറവ്

കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള സ്ഥിര നിക്ഷേപത്തിന് (നം.11304) ലഭിച്ച പലിശ 24106/- രൂപ കണക്കാക്കി ആകെ 443336/-രൂപയാണ് വാർഷിക കണക്കിലെ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ഇതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിൽ 29.10.2022 ന് പുതുക്കിയ സ്ഥിര നിക്ഷേപ തുക 445431/ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . തൻവർഷം ലഭിച്ച പലിശ 26201/- രൂപയാണെങ്കിലും 24106/- രൂപ മാത്രമാണ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് 2095/- രൂപ കൂടി പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-7 നികുതി ഇനങ്ങളുടെ അക്രൂവൽ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ പ്രധാന നികുതി ഇനങ്ങളുടെ അക്രൂവൽ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

### 1-1-8 ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

എ) തൊഴിൽ നികുതി , ലൈസൻസ് ഫീസ് , വാടക വരവ് തുടങ്ങിയ ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ, ബാലൻസ് വിവരങ്ങളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ, ബാലൻസ് വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി , ലൈസൻസ് ഫീസ് എന്നീയിനങ്ങളുടെ ഡി.സി.ബി വർഷാന്ത്യ സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി) വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻ വർഷത്തെ ഡിമാന്റും , കളക്ഷനും 157176/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഡിമാന്റ് 211950 രൂപയും , കളക്ഷൻ 171170

രൂപയുമാണ്.ബാലൻസ് തുക 40780 രൂപ ബാലൻസ് ഷീറ്റിൽ ഹെഡ്ഡ് 431400101ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹെഡ്ഡ് 431400102 ൽ തുക മൈനസ്സ് എൻട്രിയായി രേഖപ്പെടുത്തി ഒഴിവാക്കിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് വാടകയിനത്തിലെ ഡിമാന്റിൽ വശേഷിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് കൃത്യമായ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും , പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-1-9 ബാലൻസ് ഷീറ്റ്- ബാധ്യതകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

എ) ബാലൻസ് ഷീറ്റിലെ ബി 7, ബി18 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) ബാലൻസ് ഷീറ്റിൽ ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുക . മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ക്രമീകരിക്കുവാൻ നിർദ്ദേശിച്ച തുകകൾ ക്രമീകരിക്കുവാൻ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റ് സ്ഥാപനങ്ങളിൽ നിന്നും, ഏജൻസികളിൽ നിന്നും ലഭിച്ച് നിരവധി വർഷങ്ങളായി വിനിയോഗിക്കുവാൻ സാധിക്കാത്ത ചുവടെ ചേർത്ത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുവാനോ , അല്ലെങ്കിൽ സർക്കാരിലേയ്ക്ക് ഒടുക്കുവാനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഇനം | തുക |
|---|---|
| ടോട്ടൽ സാനിറ്റേഷൻ | 249325 |
| ടോട്ടൽ സാനിറ്റേഷൻ | 2873173 |
| എസ്.എസ്.കെ | 10545 |
| എൻ.പി.ആർ.പി.ഡി | 180000 |
| ശുചിത്വ മിഷൻ | 831361 |
| സാക്ഷരത | 50951 |
| വിമുക്തി | 48400 |
| മറ്റ് ഗ്രാന്റുകൾ 320300199 | 654428 |
| സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് | 1100000 |
| സംയുക്ത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് | 853888 |

സി) ബാലൻസ് ഷീറ്റിൽ ബി 9 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളിൽ സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കുവാൻ അവശേഷിക്കുന്ന തുകകൾ ഒടുക്ക് വരുത്തി ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈബ്രറി സെസ്സ് ഇനത്തിൽ 10,32,146/- രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു. ഇത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധ ഇനങ്ങളിലായി ക്രമീകരിക്കുവാൻ അവശേഷിക്കുന്ന അഡ്വാൻസ് തുകകൾ, Liability In Respect Of Stale Cheques എന്നിവയുടെ കൃത്യത പരിശോധിച്ച് തുകകൾ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) കോവിഡ് ട്രഷറി അക്കൗണ്ടിൽ (No.799012900000616) നീക്കിയിരിപ്പുണ്ടായിരുന്ന 160400/-രൂപ 26.03.2022 ന് സർക്കാർ തിരിച്ചെടുത്തിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ച് കാണുന്നില്ല. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

1-1-10 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് കൈമാറിയ തുക ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രൊ.നം 5/22-23 പ്രകാരം തെരുവ് വിളക്ക് ലൈൻ വിപുലീകരണത്തിന് 52,19,193/- രൂപ

ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. KSEBയുടെ വിവിധ സെക്ഷനുകൾക്ക് കൈമാറിയ പ്രസ്തുത തുകയിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്ത 31,05,446 രൂപ ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ടുകാണുന്നില്ല. കൂടാതെ പ്രൊജക്റ്റ് 326/23 പ്രകാരം KSEB ഉദുമയ്ക്ക് കൈമാറിയ 4,43,447/-രൂപയും ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ അവശേഷിക്കുന്ന തുകകൾ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-12 വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം -വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ 120000/- രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം 15.02.2023 ന് പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വരവ് ചെലവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1-1-13 ക്ഷേമ പെൻഷൻ ഡി.ബി.റ്റി സ്റ്റേറ്റ്മെന്റിലെ വിവരങ്ങളും , വാർഷിക കണക്കിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

ഗുണഭോക്താക്കൾക്ക് കൈമാറിയ ക്ഷേമ പെൻഷൻ തുകകളുടെ വിശദാംശം സംബന്ധിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡി.ബി.റ്റി സ്റ്റേറ്റ്മെന്റിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

| ക്ഷേമ പദ്ധതിയുടെ പേര് | ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3473600 | 3038800 |
| വിധവാപെൻഷൻ | 25886400 | 22584800 |
| വാർദ്ധക്യകാലപെൻഷൻ | 27603000 | 24038200 |
| വികലാംഗപെൻഷൻ | 6936700 | 6059100 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1673600 | 1461200 |

1-1-14 പാർട്ട് ബിൽ തുകകൾ Capital Work In Progress ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം പാർട്ട് ബിൽ ആയി നൽകിയ ചുവടെ ചേർത്ത തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress (B-11(b)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം. | പ്രൊജക്റ്റ് നം | തുക |
|---|---|---|
| 1 | 270/22-23 മൊട്ട അണക്കെട്ട് റോഡ് സൈഡ് പ്രൊട്ടെക്ഷൻ | 194732 |
| 2 | 283/22-23 അപ്പാരൽ പാർക്കിന് അടിസ്ഥാന സൗകര്യം ഒരുക്കൽ | 358164 |

| | | |
|---|---|---|
| 3 | 12/22-23 തിരുവക്കോളി പൊതു ശ്മശാനം നവീകരണം | 421766 |

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം. 1/1<br>തിയതി 24.03.2022 | നം. 1/1<br>തിയതി 18.03.2023 |
| മുന്നിരിപ്പ് | 12939875 | 46948333 |
| വരവ് | 275357125 | 297428355 |
| ആകെ | 288297000 | 344376688 |
| ചെലവ് | 276755300 | 310249422 |
| നീക്കിയിരിപ്പ് | 11541700 | 34127266 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 57369717 |
| വരവ് | 66770962 |
| ആകെ | 124140679 |
| ചെലവ് | 52561006 |
| നീക്കിയിരിപ്പ് | 71579673 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5724707 |

(കുറിപ്പ് : വികസനഫണ്ട്(ജനറൽ, എസ്.സി.പി, ടി.എസ്.പി), സംരക്ഷണഗ്രാന്റ് (റോഡ് നോൺ റോഡ്), ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ട്രഷറി) , സംയുക്ത പദ്ധതി ഫണ്ട്, തൊഴിലുറപ്പ് പദ്ധതി വേതനം,ക്ഷേമ പെൻഷൻ തുടങ്ങിയ ഇനങ്ങളുടെ വരവ് ചെലവ് വിവരങ്ങൾ രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല).

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 34163000 | 34163000 | 33668005 | 494995 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4069000 | 4069000 | 4069000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 319000 | 319000 | 319000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11460000 | 11460000 | 8783129 | 2676871 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 8147000 | 8147000 | 6854076 | 1292924 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)- ട്രഷറി | 0 | 2103269 | 2103269 | 969752 | 1133517 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ട്രഷറി | 0 | 383955 | 383955 | 159635 | 224320 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ബേസിക്)-Bank | 7131023 | 6018000 + 364588(int) | 22540611 | 9689154* | 12851457 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied )- Bank | | 9027000 | | | |
| ബിഫണ്ട് | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 120000 | 120000 | 120000 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 7 | 1263488 | 1263495 | 1258210 | 5285 |
| ഐ.സി.ഡി.എസ് പദ്ധതി കേന്ദ്ര വിഹിതം | 1277343 | 2179912 | 3457255 | 533878 | 2923377 |
| ടോട്ടൽ സാനിറ്റേഷൻ | 249325 | - | 249325 | - | 249325 |
| ടോട്ടൽ സാനിറ്റേഷൻ | 2873173 | - | 2873173 | - | 2873173 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 354444 | 354444 | 291662 | 62782 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 0 | 218068 | 218068 | 52216 | 165852 |
| എസ്.എസ്.കെ | 10545 | - | 10545 | - | 10545 |
| എൻ.എച്ച്.എം | 0 | 900000 | 900000 | - | 900000 |
| എൻ.പി.ആർ.പി.ഡി | 180000 | - | 180000 | - | 180000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ശുചിത്വ മിഷൻ | 831361 | - | 831361 | - | 831361 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1070000 | 2240000 | 3310000 | 2040000 | 1270000 |
| സാക്ഷരത | 50951 | - | 50951 | - | 50951 |
| വിമുക്തി | 48400 | - | 48400 | - | 48400 |
| മറ്റ് ഗ്രാന്റുകൾ 320300199 | 654428 | - | 654428 | - | 654428 |
| മറ്റുള്ളവ | | | | | |
| സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് | 1100000 | 2270304 | 3370304 | 2270304 | 1100000 |
| സംയുക്ത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് | 853888 | 4439446 | 5293334 | 4439446 | 853888 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 255 | 194735388 | 177 | 90633824 | - | 78 | 69.41 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 42 | 34134089 | 24 | 16089033 | 47.13 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 4653790 | 10 | 3507370 | 75.36 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 115 | 50797006 | 77 | 24382311 | 47.99 |
| 4 | കൃഷി ഓഫീസർ | 10 | 7347904 | 9 | 5922058 | 80.58 |
| 5 | വെറ്റിനറി സർജ്ജൻ | 8 | 3914015 | 8 | 3912514 | 99.96 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 70878936 | 19 | 19275121 | 27.19 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 11148777 | 12 | 8398380 | 75.33 |

| | | | | | | |
|---|---|---|---|---|---|---|
| 8 | പ്രധാനധ്യാപകൻ | 13 | 3755820 | 4 | 1965898 | 52.34 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 1400000 | 2 | 1400000 | 100 |
| 10 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 9 | 4575051 | 9 | 4094369 | 89.49 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 550000 | 1 | 300000 | 54.54 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1000000 | 1 | 1000000 | 100 |
| 13 | ഫിഷറീസ് ഓഫീസർ | 2 | 580000 | 1 | 386770 | 66.68 |
| | ആകെ | 255 | 194735388 | 177 | 90633824 | 46.54 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 7 | 1263488 | 1263495 | 1258210 | 5285 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 36730746 | 36730746 | 36730746 | |
| ആകെ | 7 | 37994234 | 37994241 | 37988956 | 5285 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 2012 പദ്ധതികളുൾപ്പെടുന്ന 27.11 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 223 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 93073 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറു തൊഴിൽ ദിനം ലഭിച്ച 684 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3038800 | 188 |
| വിധവാ പെൻഷൻ | 22584800 | 1854 |
| വാർദ്ധക്യകാല പെൻഷൻ | 24038200 | 2384 |
| വികലാംഗ പെൻഷൻ | 6059100 | 398 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1461200 | 136 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.09.2023 തീയ്യതിയിൽ 3.20 P.M. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,16,743/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

2) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്.ഓഡിറ്റ് വർഷം 11 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. ഓഡിറ്റ് വർഷം ഭരണ സമിതി 40 തവണ യോഗം ചേർന്നിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി 4 തവണയും , പ്രൊക്യൂർമെന്റ് സമിതി 3 തവണയും തൻവർഷം യോഗം ചേർന്നിട്ടുണ്ട്.

3) പദ്ധതി നിർവഹണത്തിന്റെ ഭാഗമായി മറ്റു സ്ഥാപനങ്ങളിൽ വലിയ തുകകൾ ഡെപ്പോസിറ്റ്/ മുൻകൂർ ആയി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതികളുടെ നിർവഹണം/ മുൻകൂർ നൽകിയ തുകകളുടെ വിനിയോഗം കൃത്യമായി നിരീക്ഷിക്കുവാനുള്ള സംവിധാനം ഗ്രാമ പഞ്ചായത്തിൽ ഇല്ല. ഡെപ്പോസിറ്റ്/ മുൻകൂർ തുക നൽകിയുള്ള പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

5) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

6). സ്ഥിരം തനത് വരുമാനങ്ങൾക്കുപരിയായി , തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 തെരുവ് വിളക്ക് ലൈനുകളുടെ നവീകരണം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 326/23

അടങ്കൽ - 18200/- രൂപ (പ്ലാൻ ഫണ്ട്) + 481800/- രൂപ (തനത് ഫണ്ട്)

ചെലവ് - 18200/- രൂപ + 425247/-രൂപ

1.വൗച്ചർ നം.22200826/06.02.2023 – 18200/-രൂപ

2.വൗച്ചർ നം.22200859/16.02.2023 – 425247/-രൂപ

ഗ്രാമപഞ്ചായത്തിൽ നിലവിൽ തെരുവ് വിളക്ക് സ്ഥാപിച്ച പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന തെരുവ് വിളക്ക് ലൈനുകളുടെ നവീകരണം നടത്തുന്നതിന് അസി. എഞ്ചിനീയർ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഉദുമ സെക്ഷൻ അക്കൗണ്ടിലേക്ക് ആകെ 4,43,447/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഉദുമ സെക്ഷൻ പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.പദ്ധതി പൂർത്തീകരിച്ച രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 4,43,447/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.17/30.09.2023)

1-11 തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. 05/23

അടങ്കൽ - 60,18,000/- രൂപ – പ്ലാൻ ഫണ്ട്

ചെലവ് - 52,19,193/- രൂപ

1.വൗച്ചർ നം.22200677/21.12.2022 – 15,11,403/-രൂപ

2.വൗച്ചർ നം.22200681/21.12.2022 – 6,02,344/-രൂപ

3.ILGMS-വൗച്ചർ നം.42200886/2G1-40401/27.3.2023 – 31,05,446/-രൂപ

ഉദുമ ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സൗകര്യവികസനത്തിനായി വിവിധ വാർഡുകളിൽ തെരുവ് വിളക്ക് മെയിൻ ലൈൻ സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് ഈ പദ്ധതി. വൈദ്യുതി ബോർഡ് ഉദുമ, ചട്ടഞ്ചാൽ സെക്ഷനുകളാണ് പ്രവൃത്തി നടത്തേണ്ടത്. അതിനായി രണ്ട് സെക്ഷനുകളോടും വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആവശ്യപ്പെട്ടു. അസി.എക്സി.എഞ്ചിനീയർ (ഇലക്ട്രിക്കൽ) വൈദ്യുതി ബോർഡ്, സെക്ഷൻ ഉദുമ 20.10.2022 ലെ നം.AS/2022-23/6270/45 പ്രകാരം ആകെ 15,11,403/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. അസി.എഞ്ചിനീയർ, വൈദ്യുതി ബോർഡ്, സെക്ഷൻ ചട്ടഞ്ചാൽ ആകെ 6,02,344/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. കൂടാതെ അസി.എഞ്ചിനീയർ, വൈദ്യുതി ബോർഡ്, സെക്ഷൻ ഉദുമ കത്ത് നം.DB/ES /UDMA/AE/104/Dt.18.3.2023 പ്രകാരം 31,05,446/-രൂപയുടെ എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. ഉദുമ സെക്ഷനുമായി 25.11.2022 ന് കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. എസ്റ്റിമേറ്റുകൾ സമർപ്പിച്ചതിനോടൊപ്പം തുക ഒടുക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

താഴെപ്പറയുന്ന 3 വൗച്ചറുകൾ പ്രകാരം തുക അതാത് സെക്ഷനുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറി. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1) 15,11,403/-രൂപ - അക്കൗണ്ട് നം.67270210068/SBI- ഉദുമ സെക്ഷൻ.

2)6,02,344/-രൂപ - അക്കൗണ്ട് നം.38348582481/SBI- ചട്ടഞ്ചാൽ സെക്ഷൻ.

3)31,05,446/-രൂപ - അക്കൗണ്ട് നം.67270210068/SBI- ഉദ്ദമ സെക്ഷൻ.

ഈ പ്രവൃത്തിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ചട്ടഞ്ചാൽ സെക്ഷൻ അവരുടെ പ്രവർത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രവും 6,02,344/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും നൽകിയിട്ടുണ്ട്. ഉദ്ദമ സെക്ഷൻ 46,16,849/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 46,16,849/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.16/30.09.2023)

1-12 ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചത് - അപാകത

വൗച്ചർ നം.22200559/08.11.2022 - 24226/-രൂപ

ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 01/22, 02/22, 03/22 മാസങ്ങളിലെ യാത്രാബത്ത അനുവദിക്കുന്നതിന് ആകെ 24226/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | തുക (01/22, 02/22, 03/22) |
|---|---|---|---|
| 1 | വിനോദ്കുമാർ.കെ | അസി. സെക്രട്ടറി | 2750.00 |
| 2 | രഞ്ജിത്കുമാർ.സി.കെ | അസി. സെക്രട്ടറി | 2500.00 |
| 3 | സിന്ധു.എൽ | അസി. സെക്രട്ടറി | 1000.00 |
| 4 | ജയപ്രിയൻ.വി | ക്ലർക്ക് | 1500.00 |
| 5 | അനിത.എം | സീനി.ക്ലാർക്ക് | 700.00 |
| 6 | സുജിത്.പി.വി | സീനി.ക്ലാർക്ക് | 1750.00 |
| 7 | സുമേഷ്.കെ | ക്ലർക്ക് | 350.00 |
| 8 | ആഷിഫലി.ബി.കെ | ക്ലർക്ക് | 350.00 |
| 9 | ജ്യോതികിരൺ.ടി.കെ | ഓഫീസ് അറ്റന്റന്റ് | 4662.00 |
| 10 | വിപിൻകുമാർ.കെ | ഓഫീസ് അറ്റന്റന്റ് | 1750.00 |
| 11 | രാജേഷ്.കെ.ആർ | ജൂനിയർ സൂപ്രണ്ട് | 1500.00 |
| 12 | ബിനു.പി.വി | സീനി.ക്ലർക്ക് | 500.00 |
| 13 | ദിവ്യ.സി.കെ | ക്ലർക്ക് | 350.00 |
| 14 | സന്ദീപ്.കെ | ഡ്രൈവർ | 4564.00 |
| ആകെ | | | 24,226.00 |

സെക്രട്ടറിയുടെ 8.11.2022 ലെ ഉത്തരവ് നം.400215/GAEE27/GA/2022/5321/ പ്രകാരമാണ് തുക വിവിധ ജീവനക്കാരുടെ അക്കൗണ്ടുകളിലേക്ക് നൽകിയത്. സ.ഉ(കൈ) നം.75/22/LSGD/തീ.6.4.22 ക്രമ നം.11.07.02 പ്രകാരം ILGMS ൽ എല്ലാ അനുബന്ധ വൗച്ചറുകൾ ലഭ്യമാണെന്നും രജിസ്റ്ററുകളും വൗച്ചറുകളും പ്രിന്റെടുത്ത് സൂക്ഷിക്കേണ്ടതില്ല എന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ ഹാർഡ് കോപ്പി സൂക്ഷിക്കുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ തുക നൽകുന്നതിന് ആധാരമായി ജീവനക്കാരുടെ യാത്രാഡയറി, യാത്രാഡയറിക്ക് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ എന്നിവ ILGMS ൽ ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറി നം.14/29.09.2023 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടുമില്ല. അതിനാൽ ചെലവ് തുക 24,226/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-13 സെക്രട്ടറിക്ക് യാത്രാബത്ത അനുവദിച്ചത് - അപാകത

വൗച്ചർ നം.22200558/08.11.2022 – 9108/-രൂപ

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.നാരായണൻ.കെ എന്നവരുടെ 02/22, 03/22, 04/22, 05/22 മാസങ്ങളിലെ യാത്രാബത്ത അനുവദിക്കുന്നതിന് ആകെ 9108/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മാസം | തുക |
|---|---|
| 02/22 | 2208/- |
| 03/22 | 2100/- |
| 04/22 | 2400/- |
| 05/22 | 2400/- |
| ആകെ | 9108/- |

സെക്രട്ടറിയുടെ 8.11.2022 ലെ ഉത്തരവ് നം.400215/GAES14/GA/2022/5316 പ്രകാരമാണ് തുക നൽകിയത്. (അക്കൗണ്ട് നം.432250010026980 1).

സ.ഉ(കൈ)നം.75/22/LSGD/തീ.6.4.2022 ക്രമ നം.11.07.02 പ്രകാരം ILGMS ൽ എല്ലാ അനുബന്ധ വൗച്ചറുകൾ ലഭ്യമാണെന്നും രജിസ്റ്ററുകളും വൗച്ചറുകളും പ്രിന്റെടുത്ത് സൂക്ഷിക്കേണ്ടതില്ല എന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ ഹാർഡ് കോപ്പി സൂക്ഷിക്കുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ തുക നൽകുന്നതിന് ആധാരമായ പ്രസ്തുത മാസങ്ങളിലെ യാത്രാഡയറി, യാത്രാഡയറിക്ക് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ എന്നിവ ILGMS ൽ ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറി നം.13/29.09.2023 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടുമില്ല. അതിനാൽ ചെലവ് തുക 9108/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-14 പാലക്കുന്ന് -ആറാട്ട്കടവ് റോഡ് പ്രവൃത്തിക്ക് വൈദ്യുതി പോസ്റ്റ് മാറ്റലിന് ഡെപ്പോസിറ്റ് ചെയ്യൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം- 340/23

അടങ്കൽ - 100000/- രൂപ – തനത്ഫണ്ട്

ചെലവ് - 94233/- രൂപ

വൗച്ചർ നമ്പർ - 22201000/21.03.2023 – 94,233/-രൂപ

പാലക്കുന്ന് -ആറാട്ട്കടവ് റോഡ് പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ളതാണ് ഈ പദ്ധതി. ഇതിനായി എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ വൈദ്യുതി ബോർഡിനോട് ആവശ്യപ്പെട്ടത് പ്രകാരം അസി.എഞ്ചിനീയർ(ഇലക്ട്രിക്കൽ) വൈദ്യുതി ബോർഡ് ഉദുമ സെക്ഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചു. (നം.BB/ES /UDMA/99/Dt.25.02.2023 തുക 94233/- രൂപ). എസ്റ്റിമേറ്റിന് 18.03.2023 ന് ഭരണസമിതി തീരുമാനം നം.2(1) പ്രകാരം അംഗീകാരം നൽകി. സെക്രട്ടറിയുടെ 21.3.2023ലെ ഉത്തരവ് നം.400215/DPPE02 /GA/2023/4412/ പ്രകാരം തുക നിക്ഷേപിക്കാൻ അനുമതി നൽകി. വൗച്ചർ നം.22201000/21.03.2023 പ്രകാരം 94,233/- രൂപ ഉദുമ സെക്ഷൻ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.67270210068/SBI).

ഈ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 94,233/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ

സാക്ഷ്യപത്രവും, വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/30.09.2023)

1-15 കുണ്ടോളംപാറ-മുക്കുന്നോത്ത് -വെടിക്കുന്ന് റോഡ് ഡ്രെയിനേജ് നിർമ്മാണം-തടസ്സം നിൽക്കുന്ന വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നത്-അപാകത

വൗച്ചർ നം.22200200/30.06.2022 – 15968/-രൂപ

ഉദുമ ഗ്രാമപഞ്ചായത്തിലെ കുണ്ടോളംപാറ-മുക്കുന്നോത്ത്-വെടിക്കുന്ന് റോഡിന് ഡ്രെയിനേജ് നിർമ്മാണം എന്ന പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് തടസ്സം നിൽക്കുന്ന വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും ആകെ 15,968/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഉദുമ സെക്ഷൻ അസി.എഞ്ചിനീയറോട് ആവശ്യപ്പെട്ട പ്രകാരം 22.06.2022 ന് 15968/- രൂപയുടെ ഡിമാന്റ് നോട്ടീസ് സമർപ്പിക്കുകയും തുടർന്ന് സെക്രട്ടറിയുടെ 30.06.2022-ലെ ഉത്തരവ് നം.400215/DMRA-09/GA/2022/1606 പ്രകാരം തുക അനുവദിക്കുന്നതിന് അനുമതി നൽകുകയുംചെയ്തു. ആകെ 15,968/-രൂപ ഉദുമ സെക്ഷനിൽ ഒടുക്കി. (രശീത് നം.5623057/തീയ്യതി-30.06.2022).

സ.ഉ(കൈ)നം.75/2022/LSGD/Dt.06.04.2022-ക്രമ നം.11.07.02 പ്രകാരം ILGMS ൽ എല്ലാ അനുബന്ധ വൗച്ചറുകൾ ലഭ്യമാണെന്നും ഹാർഡ് കോപ്പി സൂക്ഷിക്കേണ്ട എന്നും, അതിനാൽ ഹാർഡ് കോപ്പി സൂക്ഷിക്കുന്നില്ല എന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ILGMS ൽ പരിശോധന നടത്തിയത് പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.11/29.09.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 15,968/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-16 പാലക്കുന്ന് ആറാട്ട് കടവ് റോഡ് ഡ്രെയിനേജ് നിർമ്മാണം-തടസ്സം നിൽക്കുന്ന വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നത്-അപാകത

വൗച്ചർ നം.22200944/10.03.2023 – 23185/-രൂപ

ഉദുമ ഗ്രാമപഞ്ചായത്തിലെ പാലക്കുന്ന് ആറാട്ട് കടവ് റോഡിന് ഡ്രെയിനേജ് നിർമ്മാണം എന്ന പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് തടസ്സം നിൽക്കുന്ന വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നതിന് ആകെ 23185/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഉദുമ സെക്ഷൻ അസി.എഞ്ചിനീയറോട് ആവശ്യപ്പെട്ട പ്രകാരം 23185/-രൂപയുടെ എസ്റ്റിമേറ്റ്/ഡിമാന്റ് തയ്യാറാക്കി സമർപ്പിച്ചു (നം.BB/ES/UDMA/97/തിയ്യതി-24.12.22) സെക്രട്ടറിയുടെ നം.400215/DMRA-09/GA/2023/3222/തീയ്യതി-10.03.2023 പ്രകാരം തുക നൽകാൻ അനുമതി നൽകി. അത് പ്രകാരം ആകെ 23,185/-രൂപ ഉദുമ സെക്ഷനിൽ ഒടുക്കി(രശീത് നം.8376681/തിയ്യതി-10.3.2023).

സ.ഉ(കൈ)നം.75/2022/LSGD/Dt.06.04.2022- ക്രമ നം.11.07.02 പ്രകാരം ILGMS ൽ എല്ലാ അനുബന്ധ വൗച്ചറുകൾ ലഭ്യമാണെന്നും ഹാർഡ് കോപ്പി സൂക്ഷിക്കേണ്ട എന്നും, അതിനാൽ ഹാർഡ് കോപ്പി സൂക്ഷിക്കുന്നില്ല എന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

എന്നാൽ ILGMS ൽ പരിശോധന നടത്തിയത് പ്രകാരം പ്രവർത്തിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.12/29.09.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 23,185/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-17 കരിപ്പോടി അംഗൻവാടി കെട്ടിടത്തിലെ വാതിലുകൾ മാറ്റി സ്ഥാപിച്ചത്-അപാകത

വൗച്ചർ നം.22200823/9.2.2023 – 16,000/-രൂപ

ഉദുമ ഗ്രാമപഞ്ചായത്ത് സെന്റർ നം.97 കരിപ്പോടി അംഗൻവാടി കെട്ടിടത്തിലെ 2 വാതിലുകൾ മാറ്റി സ്ഥാപിച്ചതിന് മേൽ സൂചന വൗച്ചർ പ്രകാരം ആകെ 16,000/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം നം.14(1)/തീയ്യതി-26.12.2022 പ്രകാരം വാതിലുകൾ മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൻെറ അടിസ്ഥാനത്തിൽ ശ്രീ.കൃഷ്ണൻ ആചാരി, കൃപാ ഫർണ്ണിച്ചർ, പനയാൽ സമർപ്പിച്ച 16000/-രൂപയുടെ കുറഞ്ഞ തുകയുള്ള ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. 05.01.2023 ന് പ്രവൃത്തി പൂർത്തീകരിച്ചതിനാൽ സെക്രട്ടറിയുടെ 05.01.2023 ലെ നം.എസ്.സി-4/101/23/നം.ഉത്തരവ് പ്രകാരം തുക അനുവദിക്കുന്നതിന് അനുമതി നൽകുകയും മേൽ വൗച്ചർ പ്രകാരം തുക നൽകി(അക്കൗണ്ട് നം.4226200169290/കാനറാ ബാങ്ക്).

സ.ഉ(കൈ)നം.75/2022/LSGD തീയതി 06.04.2022ലെ ക്രമ നം.11.07.02 പ്രകാരം ILGMS ൽ എല്ലാ അനുബന്ധ വൗച്ചറുകൾ ലഭ്യമാണെന്നും ഹാർഡ് കോപ്പി സൂക്ഷിക്കേണ്ട എന്നും, അതിനാൽ ഹാർഡ് കോപ്പി സൂക്ഷിക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ ILGMS ൽ പരിശോധന നടത്തിയത് പ്രകാരം താഴെപ്പറയുന്ന രേഖകൾ ലഭ്യമല്ല.

1.ലഭിച്ച ക്വട്ടേഷനുകൾ സംബന്ധമായ വിശദവിവരങ്ങളും ടാബുലേഷൻ ഷീറ്റ്.

2.ശ്രീ.കൃഷ്ണൻ ആചാരി, കൃപാ ഫർണ്ണിച്ചർ, പനയാൽ സമർപ്പിച്ച 16,000/- രൂപയുടെ കുറഞ്ഞ തുകയുള്ള ക്വട്ടേഷന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ.

രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.10/29.09.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 16,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

2022-23 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച ചെലവ് വിവരം താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
|---|---|
| പദ്ധതി നമ്പർ | 196/23 |
| ഫണ്ട് ഇനം | എസ്.സി.പി. |
| അടങ്കൽ തുക | 2,94,000 രൂപ |
| ചെലവ് തുക | 2,78,565 രൂപ |
| ബിൽ റഫറൻസ് നമ്പർ /തിയ്യതി | 22200752009801570272/30.03.2023 |
| സ്ഥാപനം | വൺ സീറോ ഇൻഫോ സിസ്റ്റംസ്, കാസറഗോഡ് |
| അക്കൗണ്ട് നമ്പർ | 14474011000213 |

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം എന്ന പദ്ധതി പ്രകാരം 7 ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി 2,78,565 രൂപ,(@39995) വൺ സീറോ ഇൻഫോ സിസ്റ്റംസ്, കാസറഗോഡ് എന്ന സ്ഥാപനത്തിന്റെ 14474011000213-ാം നമ്പർ അക്കൗണ്ടിലേക്ക് 30.03.2023-ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 28.05.2022-ലെ സ.ഉ. (കൈ) നം.115/2022/ ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 7.2.7പ്രകാരം , പട്ടികജാതി വികസന വകുപ്പിൽ നിന്നും ലാപ് ടോപ്പ് അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗുണഭോക്തൃപ്പട്ടിക ക്രമ നമ്പർ 4 പ്രകാരം ലാപ് ടോപ്പ് കൈപ്പറ്റിയ ജയേഷ്. എം.എസ്,നാലാംവാതുക്കൽ, പി.ഒ.ബാര എന്ന വിദ്യാർത്ഥിക്ക്

പട്ടികജാതി വികസന വകുപ്പിൽ നിന്നും ലാപ് ടോപ്പ് അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 39,795 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ : 8/2022-23 തീയ്യതി : 29.09.2023)

## 1-19 മുൻകൂർ തുക നൽകിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (മൂന്നാം ഘട്ടം) ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി | പ്രൊജക്റ്റ് നമ്പർ |
|---|---|---|---|---|
| 1 | ഉഷ പ്രഭാകരൻ , കൊക്കാൽ | 3,60,000 | മേൽക്കൂര | 132/2021-22 |
| 2 | നീതു.ജി.പ്രകാശൻ, ബേക്കൽ | 2,60,000 | ലിന്റൽ | 132/2021-22 |
| 3 | മൈമൂന,അബൂബക്കർ, എരോൽ | 3,00,000 | ഭിത്തി | 132/2021-22 |

തുക കൈപ്പറ്റി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ക്ഷയരോഗികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം - ഗുണഭോക്തൃപട്ടിക പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,കുടുംബാരോഗ്യ കേന്ദ്രം, ഉദുമ. | |
| പദ്ധതിയുടെ പേര് | ക്ഷയരോഗികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം | |
| പദ്ധതി നമ്പർ | 158/2022-23 | |
| ഫണ്ട് ഇനം | തനതു ഫണ്ട് | |
| അടങ്കൽ തുക | 50,000 രൂപ | |
| ചെലവ് തുക | 49,973 രൂപ | |
| ബിൽ നമ്പർ /തിയ്യതി | 33,350 രൂപ | ചെക്ക് നമ്പർ 35275/തിയ്യതി- 15.02.2023 |
| | 16,623 രൂപ | ചെക്ക് നമ്പർ 35278/തിയ്യതി- 21.02.2023 |
| ആകെ | 49,973 രൂപ | |
| സ്ഥാപനം | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കാസറഗോഡ് | |
| അക്കൗണ്ട് നമ്പർ | 14474011000213 | |

പഞ്ചായത്ത് പരിധിയിലെ ക്ഷയരോഗികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് ഭക്ഷ്യ കിറ്റ് വിതരണം നടത്തുന്നതാണ് പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഭക്ഷ്യ കിറ്റിന് അർഹതപ്പെട്ടവരുടെ ഗുണഭോക്തൃപട്ടിക മെഡിക്കൽ ഓഫീസർ അംഗീകരിക്കുകയോ, മെഡിക്കൽ ഓഫീസർ അംഗീകരിച്ച ഗുണഭോക്തൃപട്ടിക പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയോ സാധൂകരിക്കുകയോ ചെയ്തിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 09/2022-23 തിയ്യതി 29.09.2023 ). അതിനാൽ, ഗുണഭോക്തൃപട്ടിക പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയോ സാധൂകരിക്കുകയോ

ചെയ്ത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 49,973/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് -സാമൂഹ്യ സുരക്ഷാ മിഷന് അനുവദിച്ച തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ
കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് മെയിന്റനൻസിന് വിഹിതം കൈമാറൽ എന്ന പ്രൊജക്ട് പ്രകാരം (പ്രൊ.നം.286/23) വികസന ഫണ്ടിൽ നിന്നും 50,000/-രൂപ സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്.(ട്രഷറി ബിൽ നം. 22200752010401387021 തീയതി.17.03.2023). പദ്ധതിയുടെ ഗുണഭോക്താവായി ഭരണ സമിതി അംഗീകരിച്ച റഷ്വാന കെ.എ എന്ന വ്യക്തിക്ക് പദ്ധതി പ്രകാരമുള്ള സേവനം നാളിതുവരെ ലഭ്യമായിട്ടില്ല. മെഡിക്കൽ ഓഫീസറുടെ ശുപാർശ സഹിതമുള്ള അപേക്ഷ സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കുകയും പഞ്ചായത്ത് വിഹിതം കൈമാറുകയും ചെയ്തിട്ടും പദ്ധതിയിൽ ലക്ഷ്യമിട്ട പ്രകാരമുള്ള സേവനം ഗുണഭോക്താവിന് ലഭിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ഗുണഭോക്താവിന് പദ്ധതി പ്രകാരമുള്ള സേവനം ലഭ്യമായതിന്റെ മെഡിക്കൽ രേഖകളും വിനിയോഗ സാക്ഷ്യ പത്രവും സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക 50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം. 15/തീയ്യതി 30.09.2023)

1-22 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫർണിച്ചർ വിതരണം ചെയ്യുതിനും ഓഫീസിനകം അലൂമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തി ചെയ്യുതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നം. | 238/23 (അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ). |

2022-2023 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫർണിച്ചർ വിതരണം ചെയ്യുതിനും ഓഫീസിനകം അലൂമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തി ചെയ്യുതിനുമായി 3,00,000/- രൂപ BRN 22200752008800857293/03.12.2022 പ്രകാരം റീജ്യണൽ മാനേജർ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

ഈ പദ്ധതിക്കായി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് 19.08.2022 സമർപ്പിച്ച എസ്റ്റിമേറ്റ്/ക്വട്ടേഷൻ നം.KADCO/NRO/S&S/AS-UDMA-GP/EQ-137/2021-22 ചുവടെ വിവരിക്കുന്ന വിധമാണ്.

| Sl No | Commodity/Item | Unit Price | Quantity | CGST & SGST @18% | Total |
|---|---|---|---|---|---|
| 1 | Wooden Table (135 X 75 X 80 Cm) With One Drawer And Cupboard, Front And Side Covering, Table Top Wooden Covering Using Treated Rubwood Panels With Standard Fixtures And Fittings | 22781 | 1 | 4100.58 | 26881.58 |
| 2 | Wooden L Shape Table (130 X 60 X 80 + 70 X 50 X 80 Cm) With One Drawer And Cupboard, Front And Side Covering, Front Side 30 Cm Height Glass Partition Using | 25423 | 3 | 13728.42 | 89997.42 |

| | | | | | |
|---|---|---|---|---|---|
| | Treated Rubwood Panels With Standard Fixtures And Fittings | | | | |
| 3 | High Back Revolving Chair (HB1056). Cushioned Seat And Back, Hydraulic Lift. | 7349 | 1 | 1322.82 | 8671.82 |
| 4 | Medium Back Revolving Chair (MB2015). Cushioned Seat And Back, Hydraulic Lift. | 4238 | 3 | 2288.52 | 15002.52 |
| 5 | Aluminium Fabrication Work With Door Using Powder Coated Of Approved Colour Aluminium Heavy Duty Square Tubes Of Size $2^{1/2}$ X $1^{1/2}$ Inches With Standard Fixtures And Fittings Panneling With 3mm Hylum Sheet (600 Cm Length X 105 Cm Height) -2 Nos | 10026 | 12.6 $M^2$ | 22738.96 | 149066.57 |
| 6 | Cutrain Work | 3863 | 2 | 1390.68 | 9116.68 |
| | (+) CWWF | | | | 1263.00 |
| | Grand Total | | | | 300000.00 |

മേൽ പറഞ്ഞ പ്രകാരം KADCO സമർപ്പിച്ച എസ്റ്റിമേറ്റ്/ക്വട്ടേഷൻ പഞ്ചായത്ത് ഭരണസമിതി 29.08.2022ലെ തീരുമാനം നം.1/3 അംഗീകരിക്കുകയും സ്ഥാപനത്തിന് 12.09.2022ലെ AE/LSGD/UP238 /22-23 പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കാഡ്കൊ എസ്റ്റിമേറ്റ്/ക്വട്ടേഷൻ പ്രകാരം ഫർണിച്ചറുകൾ വിതരണം ചെയ്യുകയും അലൂമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഫർണിച്ചർ, കർട്ടൻ എന്നിവയുടെ വിലയായി (Invoice No. NRO/22-23/93 Dated 26.09.2022) 1,49,670/-രൂപയുടെ ബില്ലും അലൂമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തി നടത്തിയതിന്റെ തുകയായി (Invoice No. NRO/WC/22-23/37 Dated 26.09.2022) പ്രകാരം 1,50,330/-രൂപയുടെ ബില്ലും KADCO നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിന് 3,00,000/- രൂപ നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ "Aluminium Fabrication Work With Door Using Powder Coated Of Approved Colour Aluminium Heavy Duty Square Tubes Of Size $2^{1/2}$ X $1^{1/2}$ Inches With Standard Fixtures And Fittings Panneling With 3mm Hylum Sheet (600 Cm Length X 105 Cm Height) -2 Nos" എന്നയിനം പ്രവൃത്തിയുടെ നിരക്കായ 10026/$m^2$ എന്ന നിരക്ക് കണക്കാക്കിയതിന്റ ഡാറ്റ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 19 തിയതി 30.09.2023 പ്രകാരം നിർവഹണോദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അലൂമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയതിന്റ ഡാറ്റ ലഭ്യമല്ലാത്തതിനാൽ 1,50,330/-രൂപയുടെ ചെലവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ 1,50,330/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-23 ജി.എഫ്.യു.പി.സ്കൂൾ കോട്ടിക്കുളത്തിന് വാടക-രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 സാമ്പത്തിക വർഷം ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് നം. 214/23- GFUPS കോട്ടിക്കുളത്തിന് വാടക നൽകൽ എന്ന പദ്ധതി പ്രകാരം തനത്ഫണ്ടിൽ നിന്നും 1,00,000/-രൂപ (ചെക്ക് നം 972004/27.03.2023 ) സെക്രട്ടറി, കുറുമ്പാ ഭഗവതി ക്ഷേത്രം ഭരണസമിതിക്ക് നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 20 തീയതി 30.09.2023 പ്രകാരം മേൽ ചെലവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം/ രേഖകൾ ലഭ്യമാക്കുവാൻ നിർവഹണോദ്യോഗസ്ഥനോട്

ആവശ്യപ്പെട്ടിരുന്നെങ്കിലും ആയവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) GFUPS കോട്ടിക്കുളം വാടകയ്ക്ക് പ്രവർത്തിക്കുന്ന കുറുമ്പാ ഭഗവതി ക്ഷേത്രം ഭരണസമിതിയുടെ കെട്ടിടത്തിന്റെ വാടക നിർണ്ണയിച്ചതിന്റെ സർട്ടിഫിക്കറ്റ്.

2) വാടക കരാർ.

3) 1,00,000/-രൂപ നൽകിയതിൻെറ വാടക കാലയളവ്

ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ GFUPS കോട്ടിക്കുളത്തിന് വാടക നൽകുന്നതിനായി ചെലവഴിച്ച 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

1-24 തിരുവക്കോളി സ്കൂളിന് ഡൈനിംഗ് ഹാൾ നിർമ്മാണം - ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് എഞ്ചിനിയർ LID&EW
2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന തിരുവക്കോളി സ്കൂളിന് ഡൈനിംഗ് ഹാൾ നിർമ്മാണം എന്ന പദ്ധതിക്കായി കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 2022 മാർച്ച് മാസം ഗ്രാമ പഞ്ചായത്തിന് അനുവദിച്ച 6,03,888/-രൂപ നാളിതുവരെ ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിലാണ് നിലവിലുള്ളത്. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും നിർമ്മാണ സ്ഥലം അനുയോജ്യമല്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ലാത്തതായി ബന്ധപ്പെട്ടവർ അറിയിക്കുകയുണ്ടായി . ഇക്കാര്യം പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക പദ്ധതിക്കായി വിനിയോഗിക്കുവാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതും,സാധിക്കുന്നില്ലെങ്കിൽ ഇക്കാര്യം ബ്ലോക്ക് പഞ്ചായത്തിനെ ധരിപ്പിച്ച് ലഭ്യമായ തുക തിരികെ നല്കുവാനോ അല്ലെങ്കിൽ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുവാനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 തനതു വരുമാനം-അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിക്ക് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയ്ക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഉദുമ ഗ്രാമ പഞ്ചായത്തിൽ വൈസ് പ്രസിഡണ്ട് ഉൾപ്പെടെ 5 അംഗങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിലുള്ളത്. ഓഡിറ്റ് വർഷത്തിൽ 21 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, നികുതികൾ സമയബന്ധിതമായി സമാഹരിക്കുക, കരട് വാർഷിക ബജറ്റ് അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയോ ചർച്ച നടത്തുകയോ ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്‌മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശുപാർശയോടെ 08.06.2023 തീയ്യതിയിലെ ഭരണ സമിതി യോഗത്തിൽ 05/1 നം. തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഉദുമ ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2) നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള കരട് നിർദ്ദേശങ്ങൾ നം.എസ്.സി.3-5641/2023 തീയതി:28.04.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് മേൽ കരട് വിജ്ഞാപനം 08.06.2023-ലെ പഞ്ചായത്ത് ഭരണസമിതി യോഗം 05/01 നമ്പർ തീരുമാന പ്രകാരം അന്തിമമായി വിജ്ഞാപനം ചെയ്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആ വിവരം പത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 540 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനുള്ള നടപടികൾ നടന്നുവെങ്കിലും ഉദ്യോഗസ്ഥരെ നിയമിക്കുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ

നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ (I) വകുപ്പ് പ്രകാരം , ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന പക്ഷം, പ്രസ്തുത സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ, നികുതി ഡിമാന്റ് രജിസ്റ്റർ,അർദ്ധ വാർഷിക വരുമാനപത്രികകൾ എന്നിവ പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് പരിശോധിക്കുകയോ അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുകയോ ചെയ്യുന്നില്ല.

## 1-26 തൊഴിൽ നികുതി - അപാകതകൾ

2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | അംബിക ആർട്സ് കോളേജ് | ഒന്നാം അർദ്ധവർഷം |
| 2 | ഉദുമ വനിത സർവ്വീസ് സഹകരണ സംഘം | ഒന്നാം അർദ്ധവർഷം |
| 3 | ശിവപ്രിയ ഫ്യൂവൽസ് | രണ്ടാം അർദ്ധവർഷം |
| 4 | ബാങ്ക് ഓഫ് ബറോഡ | രണ്ടാം അർദ്ധവർഷം |
| 5 | റിലയൻസ് | രണ്ടാം അർദ്ധവർഷം |
| 6 | സുശ്രുത ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | നവീൻ ഡെന്റൽ ക്ലിനിക് | രണ്ടാം അർദ്ധവർഷം |
| 8 | ബക്കേഴ്സ് ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | ബേക്കൽ റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷം |
| 10 | കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സോസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷം |
| 11 | ഐശ്വര്യ ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷം |
| 12 | ബി.എസ്.എൻ.എൽ ഉദുമ | രണ്ടാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | കാനറ ബാങ്ക്, ഉദുമ ബ്രാഞ്ച് | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | ധനലക്ഷ്മി ബാങ്ക്, ഉദുമ ബ്രാഞ്ച് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | കേരള ഗ്രാമീൺ ബാങ്ക്, തൃക്കണ്ണാട് ബ്രാഞ്ച് | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | കാസറഗോഡ് കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക്, പാലക്കുന്ന് | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | ഉദുമ വനിത സർവ്വീസ് സഹകരണ സംഘം | ഒന്നാം അർദ്ധവർഷം |
| 7 | ബാങ്ക് ഓഫ് ബറോഡ | രണ്ടാം അർദ്ധവർഷം |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്, പാലക്കുന്ന് | രണ്ടാം അർദ്ധവർഷം |
| 9 | കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സോസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്

3. എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2022-23 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | വാർഡ്/കെട്ടിട നം. | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | മുനവർ ഡാനിഷ്.എം | 177 | 12/2-12 | ട്ര മെഡ് ഹെൽത്ത് കെയർ | 12 |
| 2 | ടി.ഖലീൽ റഹ്മാൻ | 196 | 18/81, 82, 83,122 | പട്ടേൽ എന്റർപ്രൈസസ് | 4 |
| 3 | ബി.എ.അബ്ദുള്ള റഹിം | 197 | 18/75, 76 | വൃന്ദാവൻ റസ്റ്റോറന്റ് പാലക്കുന്ന് | 4 |
| 4 | ബാലൻ.ടി.ജി | 204 | 3/72A | താമരക്കുഴി ഫർണിച്ചർ | 3 |
| 5 | രാഘവേന്ദ്ര.കെ | 211 | 18/635 A, B, C, D | ഉഡുപ്പി ശ്രീകൃഷ്ണ വെജ് റസ്റ്റോറന്റ് | 8 |
| 6 | റജിന രാമൻ | 262 | 15/265, 266 | സീ പാർക്ക് | 4 |
| 7 | സി.എച്ച്.മുഹമ്മദ് റഹ്മാൻ | 268 | 18/415-B | കിക്ക് ഓഫ് കഫേ | 5 |
| 8 | കെ.എം.അബ്ബാസ് | 278 | 6/172 | കല്ലട ഓയിൽ മിൽസ് | 6 |
| 9 | പി.എം.അബ്ദുൾ ബഷീർ | 285 | 21/207, 208, 209 | കെ 2 ഫ്ലാമഗെൻ എച്ച്.പി ഗ്യാസ് ഡിസ്ട്രിബ്യൂട്ടേർസ് | 4 |
| 10 | കുന്നിൽ മുഹമ്മദ് | 324 | 19/178 To 182 | ബേക്കൽ ബിൽഡ് വെൽ അസോസിയേറ്റ്സ് | 6 |
| 11 | എ.പി.മുസ്തഫ | 336 | 18/52 | ക്വാളിറ്റി റസ്റ്റോറന്റ് | 10 |
| 12 | വിനോദ് അതിയാരത്തിൽ | 341 | 1/48 | റെജുവ സ്പാ | 4 |
| 13 | വിനോദ് അതിയാരത്തിൽ | 342 | 1/38, 39 | നോമ്പിൽ റസ്റ്റോറന്റ് | 12 |
| 14 | വിനോദ് അതിയാരത്തിൽ | 343 | 1/53 | നോമ്പിൽ ബാർ | 3 |
| 15 | അനുഷ ഷാജി | 361 | 18/3 | മാൾ ഓഫ് ടെക്നിക്കൽ എജ്യുക്കേഷൻ | 3 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4) റിട്ടേണുകളിൽ മിനിമം വേതനം കാണിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നൂറുൽ ഹുദ ഇംഗ്ലീഷ് മീഡിയം സ്കൂൾ കോട്ടിക്കുളം

എന്ന സ്ഥാപനത്തിലെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ പ്രധാനാധ്യാപകന്റെയും മറ്റ് അധ്യാപകരുടെയും വേതനം വളരെ കുറവ് കണക്കാക്കിയാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. പ്രധാനാധ്യാപകന് ഒരു അർദ്ധ വർഷത്തെ അടിസ്ഥാന ശമ്പളം 18,000/-, ബോണസ്/ഉത്സവ ബത്ത 18,000/- എന്നിങ്ങനെ ആകെ 36,000/- രൂപയും മറ്റ് അധ്യാപകർക്ക് അടിസ്ഥാന ശമ്പളം 14,000/-രൂപ, ബോണസ് 14,000/-രൂപ എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് . ഈ ശമ്പളത്തിനനുസൃതമായി തൊഴിൽ നികുതി യഥാക്രമം 300/-രൂപ, 180/-രൂപ എന്നിങ്ങനെയാണ് ഈടാക്കിയിരിക്കുന്നത്. സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ കൃത്യമായ ശമ്പള വിവരങ്ങൾ നൽകാൻ ആവശ്യപ്പെടേണ്ടതും അതിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

5. തൊഴിൽ നികുതി രജിസ്റ്റർ പൂർണമല്ല

ഉദുമ ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ്, കലക്ഷൻ എന്നിവ ഉൾപ്പെടുന്ന തൊഴിൽ നികുതി രജിസ്റ്റർ പൂർണമല്ല. തൊഴിൽ നികുതി അടച്ച പല സ്ഥാപനങ്ങളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി വരവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ കൃത്യമായി എഴുതി ചേർത്ത് രജിസ്റ്റർ പൂർണമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.21 തീയതി:30.09.23)

## 1-27 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ ഹോമിയോ

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഉദുമ (ബേവൂരി) ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം (പ്രൊജക്റ്റ് നം.4/2022-23) ഉദുമ (ബേവൂരി) ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സംസ്ഥാന ഹോമിയോപ്പതി സഹകരണ ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് ബിൽ നം.1/22-23 തീയതി:27.09.22പ്രകാരം മുൻകൂറായി 3,00,000/-രൂപ നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം.34306403911). എന്നാൽ ടാക്സ് ഇൻവായ്സ് നം. LF-68 തീയതി:17.05.2023 പ്രകാരം 2,08,407/- രൂപയുടെ മരുന്നുകൾ മാത്രമേ സ്ഥാപനത്തിലേക്ക് ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 91,593/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. മുൻകൂറായി നൽകിയ 3,00,000/-രൂപയിൽ 91,593 രൂപയുടെ മരുന്ന് ലഭ്യമാകാത്തതിനാൽ 91,593/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 22/22-23 തീയതി: 30.09.2023)

## 1-28 ലൈഫ് ഭവന പദ്ധതി വായ്പാ കണക്കിൽ കൃത്യതയില്ല.

ലൈഫ് ഭവന പദ്ധതി വായ്പ , സംസ്ഥാന വിഹിതം എന്നിവയുടെ കൃത്യമായ വരവ് ചെലവ് കണക്ക് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം ലൈഫ് ഭവന പദ്ധതി വായ്പാ തുക നിക്ഷേപിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ (നം.40923939385 SBI ) 9,40,000/- രൂപ വരവ് വന്നിട്ടുണ്ട്. പലിശയിനത്തിൽ 11,857/-രൂപ ഉൾപ്പടെ 31.03.2023 ൽ 9,51,857/- രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ ആക്കൗണ്ടിലെ വരവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ തൻവർഷം 1,20,000/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക (RP-31) പ്രകാരം ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം ഇനത്തിൽ 22,40,000/-രൂപയാണ് വരവ് . സുലേഖ ചെലവ് പത്രിക പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സംസ്ഥാന വിഹിതം ഇനത്തിൽ 20,40,000/- രൂപയും,

വായ്പാ വിഹിതം ഇനത്തിൽ 10,40,000/- രൂപയും ചെലവഴിച്ചതായി കാണുന്നു . തൻവർഷം വായ്പയിനത്തിൽ ലഭിച്ചതായി പറയുന്ന തുക ചെലവഴിക്കാതെ, വായ്പാ വിഹിതമിനത്തിൽ 10,40,000/-രൂപ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്.

തൻവർഷം ലൈഫ് ഭവന പദ്ധതി വായ്പായിനത്തിൽ ലഭിച്ച തുകയുടേയും വിനിയോഗിച്ച തുകയുടേയും കൃത്യത പരിശോധിച്ച് തനത് ഫണ്ടിൽ നിന്നും വായ്പാ വിഹിതമിനത്തിൽ അധികമായി വിനിയോഗിച്ച തുക മേൽ പരാമർശിച്ച അക്കൗണ്ടിൽ നിന്നും റീ ക്ലപ്പ് ചെയ്യേണ്ടതും, വായ്പായിനത്തിൽ ലഭിച്ച് ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് എത്രയും വേഗം ചെലവഴിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബി) നിലവിൽ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന വായ്പാ രജിസ്റ്റർ പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പാ തുക ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും 31.03.2023 ലെ വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വായ്പ വരവ് | ആകെ | വായ്പാ തിരിച്ചടവ് | അവശേഷിക്കുന്ന വായ്പാ തുക |
|---|---|---|---|---|
| 16758439 | 940000 | 17698439 | 2802645 | 14895794 |

നിലവിൽ ILGMS ൽ ലഭ്യമായ AFS കണക്ക് പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പാ തുക ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വായ്പ വരവ് | ആകെ | വായ്പാ തിരിച്ചടവ് | അവശേഷിക്കുന്ന വായ്പാ തുക |
|---|---|---|---|---|
| 14753358 | 120000 | 14873358 | 2802645 | 12070713 |

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 31.03.2022 ൽ വായ്പാ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക 1,47,07,126/- രൂപയാണെന്ന് പരാമർശിക്കുന്നുണ്ട് ( 2021-22 വർഷം ലോൺ തിരിച്ചടവ് തുക വരവ് വെച്ചതിൽ 46,232 രൂപ കുറവ് വന്നിരുന്നു. പ്രസ്തുത തുക കുറച്ചാൽ 1,47,53,358/-രൂപയ്ക്ക് പകരം 1,47,07,126/- ആയിരിക്കും 31.03.2022ൽ വായ്പായിനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിച്ചിട്ടുള്ള തുക) എന്നാൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കാതെ 01.04.2022ൽ വായ്പാ മുന്നിരിപ്പായി എടുത്തിട്ടുള്ള തുക 1,47,53,358/-രൂപയാണ്. തൻവർഷം വായ്പാ തിരിച്ചടവ് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും ( 28,02,645/-) വായ്പാ വരവ് കൃത്യമായി കണക്കിലെടുക്കാൻ അധികൃതർക്ക് സാധിച്ചിട്ടില്ലാത്തതിനാലും വായ്പാ രജിസ്റ്ററിലെ കണക്കിൽ പൊരുത്തക്കേട് ഉള്ളതിനാലും തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയായി ബാലൻസ് ഷീറ്റിൽ ബി5 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 12070713/- രൂപയുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി വായ്പാ തുക പഞ്ചായത്ത് തിരിച്ചടയ്ക്കേണ്ടതിനാൽ ആയതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനാൽ ലൈഫ് മിഷൻ അധികൃതരെ രേഖാമൂലം ബന്ധപ്പെട്ട് നാളിതുവരെ ലൈഫ് ഭവന പദ്ധതി വായ്പാ, സംസ്ഥാന വിഹിതം എന്നീയിനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയുടെ കൃത്യമായ കണക്ക് ലഭ്യമാക്കി ഇതനുസരിച്ച് ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി ഭരണ സമിതി അംഗീകാരത്തോടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഇക്കാര്യം ഓഡിറ്റ് എൻക്വയറി 3/25.09.2023 പ്രകാരം ഗ്രാമ പഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ , വായ്പാ സംബന്ധിച്ച് ലൈഫ് മിഷനിൽ നിന്നും കണക്ക് ലഭ്യമായിട്ടുണ്ടെന്നും ഇതനുസരിച്ച് പഞ്ചായത്ത് കണക്കിലും ഭേദഗതി വരുത്തുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. അപാകത

പരിഹരിച്ചിട്ടില്ല. )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2022-23 | 21.09.2023 മുതൽ 23.09.2023 വരെ | ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1 ലും, അനുബന്ധം 1 ലും ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 20000 | 243/23 ഞങ്ങളും കൃഷിയിലേയ്ക്ക് അങ്കണവാടി പോഷകവാടി | 20000 | 0 |
| | 2022-23 | 305486 | 208/23 നെൽകൃഷി വികസനം | 305486 | 0 |
| | 2022-23 | 500000 | 1/23 അങ്കണവാടി പോഷകാഹാരം | 500000 | 0 |
| | 2022-23 | 519000 | 180/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 519000 | 0 |
| | 2022-23 | 356960 | 320/23 ആറാട്ട് കടവ് അരയാൽ തറ തോടിന് നടപ്പാലം വിഹിതം | 356960 | 0 |
| | 2022-23 | 200000 | 242/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 2022-23 | 550000 | 195/23 ലൈഫ് ഭവനം – Scp | 550000 | 0 |
| | 2022-23 | 1188000 | 132/23 ലൈഫ് ഭവനം - ജനറൽ | 1188000 | 0 |
| | 2022-23 | 800000 | ലൈഫ് ഭവനം ഭൂമി വാങ്ങൽ | 800000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | പെയിൻ & പാലിയേറ്റീവ് പദ്ധതി | 100000 | 0 |
| | 2022-23 | 40000 | 243/23 ഞങ്ങളും കൃഷിയിലേയ്ക്ക് അങ്കണവാടി പോഷകവാടി | 40000 | 0 |
| | 2022-23 | 173000 | 180/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 173000 | 0 |
| | 2022-23 | 100000 | 242/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | 2022-23 | 580000 | 195/23 ലൈഫ് ഭവനം – Scp | 580000 | 0 |
| | 2022-23 | 1000000 | 132/23 ലൈഫ് ഭവനം – ജനറൽ | 1000000 | 0 |
| | 2022-23 | 277304 | 85/23 ലൈഫ് ഭവനം – Scp | 277304 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം. /ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| KSEB ഉദുമ | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ പ്രൊ.നം.5/22-23 | വൗച്ചർ നം.22200677/ 21.12.2022 | 15,11,403/- | - | 15,11,403/- |
| KSEB ചട്ടഞ്ചാൽ | ,, | വൗച്ചർ നം.22200681/ 21.12.2022 | 6,02,344/- | 6,02,344/- | - |
| KSEB ഉദുമ | ,, | വൗച്ചർ നം.42200886/ 2G1-40401/ 27.3.2023 | 31,05,446/- | - | 31,05,446/- |
| KSEB ഉദുമ | പ്രൊ.നം. 340/23 ആറാട്ട് കടവ് റോഡ് പ്രവൃത്തി-തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റൽ | 22201000/ 21.3.2023 | 94233/- | - | 94233/- |
| KSEB ഉദുമ | പ്രൊ.നം. 326/23 തെരുവ് വിളക്ക് ലൈൻ നവീകരണം | 22200826/ 06.02.2023 | 18200/- | 0 | 18200/- |
| | | 22200859/ 16.2.2023 | 425247/- | 0 | 425247/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

നിലവിൽ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന വായ്പാ രജിസ്റ്റർ പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പാ തുക ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും 31.03.2023 ലെ വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വായ്പ വരവ് | ആകെ | വായ്പാ തരിച്ചടവ് | അവശേഷിക്കുന്ന വായ്പാ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 16758439 | 940000 | 17698439 | 2802645 | 14895794 |

നിലവിൽ ILGMS ൽ ലഭ്യമായ AFS കണക്ക് പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പാ തുക ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വായ്പ വരവ് | ആകെ | വായ്പാ തിരിച്ചടവ് | അവശേഷിക്കുന്ന വായ്പാ തുക |
|---|---|---|---|---|
| 14753358 | 120000 | 14873358 | 2802645 | 12070713 |

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 31.03.2022 ൽ വായ്പാ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക 1,47,07,126/- രൂപയാണെന്ന് പരാമർശിക്കുന്നുണ്ട് ( 21-22 വർഷം ലോൺ തിരിച്ചടവ് തുക വരവ് വെച്ചതിൽ 46,232 രൂപ കുറവ് വന്നിരുന്നു. പ്രസ്തുത തുക കുറച്ചാൽ 1,47,53,358/-രൂപയ്ക്ക് പകരം 1,47,07,126/- ആയിരിക്കും 31.03.2022ൽ വായ്പായിനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിച്ചിട്ടുള്ള തുക) എന്നാൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കാതെ 01.04.2022 ൽ വായ്പാ മുന്നിരിപ്പായി എടുത്തിട്ടുള്ള തുക 1,47,53,358/-രൂപയാണ്. തൻവർഷം വായ്പാ തിരിച്ചടവ് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും ( 28,02,645/-) വായ്പാ വരവ് കൃത്യമായി വരവിലെടുക്കാൻ അധികൃതർക്ക് സാധിച്ചിട്ടില്ലാത്തതിനാലും വായ്പാ രജിസ്റ്ററിലെ കണക്കിൽ പൊരുത്തക്കേട് ഉള്ളതിനാലും തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയായി ബാലൻസ് ഷീറ്റിൽ ബി5 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 12070713/- രൂപയുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ലൈഫ് മിഷൻ അധികൃതരെ രേഖാമൂലം ബന്ധപ്പെട്ട് നാളിതുവരെ ലൈഫ് ഭവന പദ്ധതി വായ്പാ, സംസ്ഥാന വിഹിതം എന്നീയിനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയുടെ കൃത്യമായ കണക്ക് ലഭ്യമാക്കി ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി ഭരണ സമിതി അംഗീകാരത്തോടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1776154 |
| തൻവർഷം നിക്ഷേപിച്ചത് | 113529* |
| ആകെ | 1889683 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന തുക | 1889683* |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-03-2023)

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി (Renewal) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഉദുമ വനിതാ സർവീസ് സഹകരണ സൊസൈറ്റി | 31.10.2022 | ഒരു വർഷം | 489911 | രശീതി നം. 2394 |
| 2 | ഉദുമ വനിതാ സർവീസ് സഹകരണ സൊസൈറ്റി | 31.10.2022 | ഒരു വർഷം | 495421 | രശീതി നം. 4264 |
| 3 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 29.10.2022 | ഒരു വർഷം | 443336* | രശീതി നം. 11304 |
| 4 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 29.10.2022 | ഒരു വർഷം | 461015 | രശീതി നം. 4038 |

| | | |
|---|---|---|
| ആകെ | 1889683 | |

കുറിപ്പ്: കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള സ്ഥിര നിക്ഷേപത്തിന് (നം.11304) ലഭിച്ച പലിശ 24106/- രൂപ കണക്കാക്കി ആകെ 443336/-രൂപയാണ് വാർഷിക കണക്കിലെ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ഇതുമായി ബന്ധപ്പെട്ട ലഭ്യമാക്കിയ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിൽ 29.10.2022 ന് പുതുക്കിയ സ്ഥിര നിക്ഷേപ തുക 445431/ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . തൻവർഷം ലഭിച്ച പലിശ 26201/- രൂപയാണെങ്കിലും 24106/- രൂപ മാത്രമാണ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് 2095/- രൂപ കൂടി പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെടുത്തി കണക്കുകൾ ക്രമീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | എം.ജി.എൽ.സി അടിസ്ഥാന സൗകര്യങ്ങൾ കുറവ് | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2014-15 | 2(9),2(10),2(11) | 2016-17 | അധ്യായം 1 അനുബന്ധം3 | വസ്തു നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2014-15 | 2(12), 2(13) | 2016-17 | അധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2015-16 | 2(5),2(6),2(7), 2(8),2(9) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66770962/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52561006/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | ഇല്ല |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5724707/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 443447/- | ദേവദാസ്.പി , സെക്രട്ടറി |
| 1-11 | 4616849/- | ദേവദാസ്.പി , സെക്രട്ടറി |
| 1-12 | 24226/- | റെജിമോൻ.എസ്, സെക്രട്ടറി ഇൻചാർജ്ജ് |
| 1-13 | 9108/- | റെജിമോൻ.എസ്, സെക്രട്ടറി ഇൻചാർജ്ജ് |
| 1-14 | 94233/- | ദേവദാസ്.പി , സെക്രട്ടറി |
| 1-15 | 15968/- | അനിൽ കുമാർ.എൻ.എം, സെക്രട്ടറി |
| 1-16 | 23185/- | ദേവദാസ്.പി , സെക്രട്ടറി |
| 1-17 | 16000/- | ദേവദാസ്.പി , സെക്രട്ടറി |
| 1-18 | 39795/- | റെജിമോൻ.എസ്,അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 49973/- | ഡോ.മുഹമ്മദ് എം, മെഡിക്കൽ ഓഫീസർ , കുടുംബാരോഗ്യ കേന്ദ്രം, ഉദുമ |
| 1-21 | 50000/- | അറഫ.ഇ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-22 | 150330/- | ഉമേഷ് .കെ.വി, അസിസ്റ്റന്റ് എഞ്ചിനിയർ LID&EW |
| 1-23 | 100000/- | രാജീവൻ.കെ, പ്രധാനധ്യാപകൻ |
| 1-27 | 91593/- | ഡോ.ശ്രീജ.പി.പി, മെഡിക്കൽ ഓഫീസർ ഹോമിയോ |
| ആകെ | 5724707/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(3) തീയതി 28.9.2022 | 7 |
| 1998-99 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(4) തീയതി 28.9.2022 | 23 |
| 2000-01 | കെ.എസ്.എ-കെ.എസ്.ഡി 8/495/19 തീയതി 29.6.2019 | 1 |
| 2000-01(പ്ലാൻ) | കെ.എസ്.എ-കെ.എസ്.ഡി 8/865/22(5) തീയതി 28.9.2022 | 3 |
| 2001-02 (പ്ലാൻ) | എൽ.എഫ്-കെ.എസ്.ഡി 4/784/04 തീയ്യതി 05.12.2005 | 4 |
| 2004-05 | കെ.എസ്.എ-കെ.എസ്.ഡി 8/1135/22(1) തീയതി 19.5.2023 | 2 |
| 2006-07 | കെ.എസ്.എ-കെ.എസ്.ഡി 8/1135/22(3) തീയതി 19.5.2023 | 9 |
| 2009-10 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(14) തീയതി 28.9.2022 | 2 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(15) തീയതി 28.9.2022 | 5 |
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി 8/1135/22(4) തീയതി 19.5.2023 | 14 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(18) തീയതി 28.9.2022 | 13 |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(19) തീയതി 28.9.2022 | 8 |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി 8/561/2019 തീയതി 16-07-2019 | 6 |
| 2018-19 | കെ.എസ്.എ-കെ.എസ്.ഡി 8/1224/2019 തീയതി09.01.2020 | 32 |
| 2019-20 | കെ.എസ്.എ-കെ.എസ്.ഡി 8/591/2021 തീയതി 28.09.2021 | 26 |
| 2020-21 | കെ.എസ്.എ-കെ.എസ്.ഡി 8/918/2021 (1)തീയതി22.09.2022 | 14 |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി 8/901/22 തീയതി 20.5.2023 | 14 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 19-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Udma Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Udma Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Kasaragod
Kerala State Audit Department

## Audit Report appended to the Audit Certificate of Udma Grama Panchayat for the Year 2022-2023.

**1.Major Observations**

1) Difference was found between the amounts in various schedules of liability in the balance sheet in the annual financial statement for the year as on 31.03.2023 submitted for audit and the annual financial statements currently available with ILGMS. Also the difference was seen in the cash flow statement. In the reply made available for audit inquiry 2/25.09.2023 , it has been mentioned that the defect was occurred due to software failure in relation with Aims E-Submission and it was corrected by the IKM after the E-Submission. Revised financial statements (currently in ILGMS) made available for audit after rectification of anomaly. The matter brought to the notice of the administrative committee and produced ratification in this regard.

2) During the audit year, uduma grama panchayat has been opened an account at SBI for the transactions

of life housing scheme loan amount (A/cNo.40923939385).The above A/c is not included in the Annual financial statement.

3) Valuation of Panchayat assets as per instructions in G.O.(MS) 152/2011 dated 26.07.2011 was not completed and asset register was not kept up to date. Therefore, the authenticity and accuracy of the information and value of assets as per the balance sheet as on 31/03/2023 is not clear.

**2.Other Observations**

1) Notes on accounts including significant accounting policies, contingent liabilities, financing reports and other disclosures etc., as per Rule 62 (e) of Kerala Panchayath Raj Accounts Rules 2011, are not prepared and included with the financial statements.
2) The accurate income and expenditure account of Life housing project loan and state share has not been prepared and made available for audit. Hence It has not been possible to ensure the accuracy of Rs.12070713/- included in B5 schedule in the balance sheet.
3) The bank balance as per receipt and payment statement and the liability amount as per balance sheet in respect of central finance commission grant were not agreed.
4) The details of the amount shown in the reconciliation statement as on 31.03.2023 of the below-listed bank accounts have not been made available for verification.

| A/c No. | Cheque Deposited but not cleared | Directly debited by bank | Diretly credited by bank | Cheque issued but not presented into bank |
|---|---|---|---|---|
| 37293479957 SBI | 8352 | 74486 | - | 27034/- |
| CO-0P Bank uduma | 206472 | - | - | 718279/- |

5) An amount of Rs 2095 received as Interest from fixed deposit was not included in the concerned head of the annual financial statement
6) Demand entry of the accrual items not recorded in time
7) Demand, collection and balance details as per demand registers for items such as profession tax, license fee & rent were not matching with the figures shown in the annual financial statements .
8) Check the correctness of the liability amount included in Schedule B4 in the balance sheet. Actions should be taken to return the amount to the respective institutions, or to transfer them to the government, which have not been utilized for many years after being received from other institutions and agencies.No steps have been taken to adjust the amount suggested in the previous year's audit reports.

9) The details of remittance of the amount as per B9 Schedule of the balance sheet to be paid to government and other institutions were not produced for verification . Steps should be taken to remit the dues to government and other institutions without further delay
10) outstanding balance amount of Rs 160400/- in the covid treasury account (No.799012900000616) was recovered by the government on 26.03.2022. But the said amount is not returned to the panchayat fund.

11) As per Pro.No.5/22-23. an amount of RS 52,19,193/- was transferred to various sections of KSEB, out of this Rs 3105446/- is not included in Schedule B18 of the balance sheet. Necessary steps should be taken to adjust the remaining amount as per schedule B18 of the balance sheet.

12) An amount of Rs.120000/- (marriage assistance of widows' daughters) has been withdrawn and spent as per the treasury bill book of Grama Panchayat Secretary on 15.02.2023. The receipt and payment

details of the said amount is not included in the annual financial statement.

13) The details of the welfare pension amount transferred to the beneficiaries are not consistent with the information in the DBT statement made available for verification and the information included in the annual financial statements.

14) Amounts paid as part bill during the audit year are not fully included in the balance sheet under the head capital work in progress (B-11(b)).

Date: 08/11/2023

Deputy Director
District Audit Office, Kasaragod
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Udma Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 14435289.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 218000.00 |
| 140000000 | Fee & User Charges | I-4 | 1762086.00 |
| 150000000 | Sale & Hire Charges | I-5 | 605191.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 172755457.00 |
| 170000000 | Income from Investments | I-7 | 113529.00 |
| 171000000 | Interest Earned | I-8 | 1794824.00 |
| 180000000 | Other Income | I-9 | 24122.00 |
| 190000000 | Prior Period Income | I-19 | 4569.00 |
| | Total Income | | 191708498.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 14822189.00 |
| 220000000 | Administrative Expenses | I-11 | 1756367.00 |
| 230000000 | Operations & Maintenance | I-12 | 2984272.00 |
| 240000000 | Interest & Finance Charges | I-13 | 6054.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13208025.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 41643830.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 10909471.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 31931276.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 57182100.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1268010.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 101229.00 |
| | Total Expenditure | | 175812823.00 |
| | Gross Surplus / Deficit of income over Expenditure | | 15895675.00 |
| | Gross Surplus / Deficit of income over Expenditure | | 15897330.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 2914.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 1655.00 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം -4

## രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Udma Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 57139181.00 |
| Cash | Cash | RP-40(a) | 230536.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2313240.00 |
| 130000000 | Rental income from Panchayat Properties | RP-3 | 6050.00 |
| 140000000 | Fees & User Charges | RP-4 | 1361883.00 |
| 150000000 | Sale & Hire Charges | RP-5 | 605191.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 18790000.00 |
| 171000000 | Interest Earned | RP-9 | 1794824.00 |
| 190000000 | Prior Period Income | RP-11 | 62450.00 |
| 230000000 | Operations & Maintenance | RP-14 | 14062.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 13048.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 23538133.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 16467898.00 |
| 460000000 | Loans, Advances and Deposits | RP-49 | 4000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 24122.00 |
| 330000000 | Secured Loans | RP-31 | 120000.00 |
| 340000000 | Deposits Received | RP-33 | 72386.00 |
| 350000000 | Other Liabilities | RP-35 | 1583675.00 |
| | Grand total | | 124140679.00 |
| | PAYMENTS | | |
| | Operating | | |
| 431000000 | Sundry Debtors (Receivables) | RP-45 | 2431367.00 |
| 460000000 | Loans, Advances and Deposits | RP-49 | 819357.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 7370.00 |
| 350000000 | Other Liabilities | RP-35 | 49302912.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 71354694.00 |
| Cash | Cash | RP-40(b) | 224979.00 |

| | | |
|---|---|---|
| | Grand Total | 124140679.00 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം -5
## ബാലൻസ് ഷീറ്റ്

| Udma Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31.03.2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 91248490.10 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 67671753.00 |
| | Total Reserve & Surplus | | 158920243.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 23719637.00 |
| | Total Grants, Contributions for Specific Purposes | | 23719637.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12070713.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 12070713.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 618635.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3683182.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 4301817.00 |
| | TOTAL LIABILITIES | | 199012410.10 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 358078.00 |
| 412000000 | Capital Work in Progress | B-11(b) | 3079863.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 186426.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 19356708.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 158873232.00 |
| 416000000 | Accumulated Depreciation | B-11(a) | -79482971.90 |
| | Total Fixed Assets | | 102371335.10 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1889683.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 1889683.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3616752.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 13150713.00 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 71579673.00 |
| 460000000 | Loans, Advances and Deposits | B-18 | 6404254.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 94751392.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 199012410.10 |

AIMSൽ ഇ-സബ്മിറ്റ് ചെയ്ത ബാലൻസ് ഷീറ്റിൽ അപാകതയുള്ളതിനാൽ ILGMSൽ നിലവിൽ ലഭ്യമായ Balance sheet abstract ആണ് മേൽ ചേർത്തിട്ടുള്ളത്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , കാസറഗോഡ്